**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി. എസ്. മനോജിനെ തിരുവനന്തപുരം നഗരസഭാ മേയറുടെ പി.എ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2889/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 19/12/2019

പരാമർശം :- 1. മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി. എസ്. മനോജിന്റെ 30.11.2019 തീയതിയിലെ അപേക്ഷ

2. നഗരകാര്യ ഡയറക്ടറുടെ 05/12/2019 തീയതിയിലെ ഇ 6-26059/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബി.എസ് മനോജിനെ (ശമ്പള സ്കെയിൽ Rs. 36, 600-79,200/- (Revised) ) തിരുവനന്തപുരം നഗരസഭാ മേയറുടെ പി.എ തസ്തികയിൽ കേരള സേവന ചട്ടങ്ങൾ ഭാഗം 1 ചട്ടം 144-ലെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

മേയർ, തിരുവനന്തപുരം കോർപ്പറേഷൻ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

സെക്രട്ടറി, തിരുവന്തപുരം നഗരസഭ

ശ്രീ. ബി.എസ്. മനോജ്, സെക്രട്ടറി, മുന്നിയൂർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ (ഇ.പി.ബി.) വകുപ്പ്

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.